

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പിറവന്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി9/2378/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/12/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 29/12/2025
കെ.എസ്.എ.കെ.എൽ.എം.പി9/2378/25

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും

നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മണിലാൽ വി	ഡെപ്യൂട്ടി ഡയറക്ടർ	17-11-2025	29-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-11-2025	29-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷീബമോൾ ജേക്കബ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാകേഷ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ആർ. സോമരാജൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. സന്തോഷ് കുമാർ.ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	28-04-2024
ശ്രീ.ബാലാജി.എൽ	സെക്രട്ടറി	29-04-2024	14-05-2024
ശ്രീ. സന്തോഷ് കുമാർ.ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	15-05-2024	25-05-2024
ശ്രീ.ബാലാജി.എൽ	സെക്രട്ടറി	26-05-2024	13-01-2025
ശ്രീ. സന്തോഷ് കുമാർ.ജി	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-01-2025	26-01-2025
ശ്രീ.ബാലാജി.എൽ	സെക്രട്ടറി	27-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.അംജദ ഹബീബ്	കൃഷി ഓഫീസർ	01-04-2024	10-12-2024

ശ്രീമതി സൗമ്യ ബി നായർ	കൃഷി ഓഫീസർ	10-12-2024	31-03-2025
ഡോ.ബിജുലാൽ.എ.എസ്	വെറ്റിനറി സർജൻ	01-04-2024	22-07-2024
ഡോ.ബിന്ധ്യ എ ജി	വെറ്റിനറി സർജൻ	22-07-2024	23-09-2024
ഡോ.ഡാനിയേൽ ആശിഷ് എഡ്വേർഡ്	വെറ്റിനറി സർജൻ	23-09-2024	31-03-2025
ഡോ.കാർത്തി പി കുമാർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2024	06-08-2024
ഡോ.ഷമിജ് പീറ്റർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	07-08-2024	18-01-2025
ഡോ.കാർത്തി പി കുമാർ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	19-01-2025	31-03-2025
ശ്രീ.പ്രഭുലാൽ ആർ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	26-02-2025
ശ്രീ വിനീത് വി	ഡയറി ഫാം ഇൻസ്ട്രക്ടർ	27-02-2025	31-03-2025
ശ്രീ.ശരൺ.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി ശോഭിത എ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ മുരളീധരൻ നായർ എ ജി	ഹെഡ് മാസ്റ്റർ	01-04-2024	31-03-2025
ഡോ.പ്രീത നായർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	06-11-2024

ഡോ.ജോഷില ഖൈത	മെഡിക്കൽ ഓഫീസർ (ഹോമിയോ)	07-11-2024	31-03-2025
ഡോ.സുറുമി സലാഹുദ്ദീൻ	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2024	31-03-2025
ശ്രീമതി സന്ധ്യ.റ്റി	വി.ഇ.ഒ	01-04-2024	29-09-2024
ശ്രീമതി ശാരിക എസ്	വി.ഇ.ഒ	29-09-2024	31-03-2025
ശ്രീ.ആനന്ദ് ബാബു	വി.ഇ.ഒ	01-04-2024	31-10-2024
ശ്രീമതി ആശാദേവി എ എസ്	വി.ഇ.ഒ	01-11-2024	31-03-2025
ശ്രീ. സന്തോഷ് കുമാർ.ജി	അസി.സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി ഫാത്തിമ റ്റി ജെ	അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.	01-04-2024	31-03-2025

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്രമീകരിക്കാനുള്ള മുൻകൂർ ഇനത്തിൽ തെറ്റായ തുക ഉൾപ്പെടുത്തി	1-1-2
4	Advance To Others എന്നയിനത്തിൽ സൂചിപ്പിച്ച തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല	1-1-3
5	ബജറ്റ്	1-2
6	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
7	ഫണ്ട് വിനിയോഗം	1-4
8	പദ്ധതി അവലോകനം	1-5
9	തൊഴിലുറപ്പ് പദ്ധതി	1-6
10	ക്ഷേമ പദ്ധതികൾ	1-7
11	ക്യാഷ് പരിശോധന	1-8
12	ആഭ്യന്തര നിയന്ത്രണം	1-9
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
14	ഇ-ടെണ്ടർ ഫീസ്-തനത് ഫണ്ടിലേക്ക് മാറ്റിയില്ല	1-11
15	കറന്റ് അക്കൌണ്ടിലുള്ള തനത് വരുമാനം യഥാസമയം സേവിംഗ്സ് അക്കൌണ്ടിലേക്ക് മാറ്റുന്നില്ല.	1-12

16	കടമുറികളുടെ വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു	1-13
17	മിനറൽ ട്രാൻസിറ്റ് പാസ് -ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല	1-14
18	പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച- ഫണ്ട് ലാപ്സാക്കി	1-15
19	ജെം പോർട്ടൽ മുഖേന വാങ്ങൽ നടത്തിയതിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല	1-16
20	കൃഷി ഓഫീസിലെ ദൈനംദിന ചെലവുകൾക്ക് ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം ക്രമവിരുദ്ധമായി തുക പിൻവലിച്ചു	1-17
21	കാർഷിക പദ്ധതികൾക്ക് മോണിട്ടറിംഗ് നടത്തിയില്ല	1-18
22	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു	1-19
23	തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല	1-20
24	മഴക്കാലപൂർവ്വ ശുചീകരണം- ഫണ്ട് വിനിയോഗം സുതാര്യമല്ല	1-21
25	കുഴൽക്കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കൽ- വിശദമായ എസ്റ്റിമേറ്റ് വാങ്ങാതെ ഭൂജലവകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തു	1-22
26	പദ്ധതി രൂപീകരണത്തിൽ അപാകം- എസ്.സി, എസ്.റ്റി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടമായി	1-23
27	ലൈഫ് ഭവനനിർമ്മാണ പദ്ധതി- പ്രവർത്തനം മന്ദഗതിയിൽ	1-24
28	പൊതുസ്ഥലങ്ങളിൽ സി.സി ക്യാമറ സ്ഥാപിക്കൽ- കെൽട്രോണിന് നൽകിയ തുകയുടെ പൂർണ്ണമായ വിനിയോഗ രേഖകൾ വാങ്ങിയില്ല	1-25
29	ലൈഫ് ഭവന നിർമ്മാണം (ജനറൽ)- ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-26

30	ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി.പി)- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-27
31	ഭവന നിർമ്മാണം(ടി.എസ്.പി)- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-28
32	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-തുക മുൻകൂറായി നൽകി- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-29
33	ജൽജീവൻ മിഷൻ അവലോകനം	1-30
34	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-31
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8

9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മുൻവർഷങ്ങളിലേതുൾപ്പെടെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പിറവന്തൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-07-2025 തീയതിയിലെ 3-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിറവന്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ

ചിത്രം നൽകുന്നു.
സ്ഥലം: കൊല്ലം
തീയതി: 29.12.2025

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

1-1-2 ക്രമീകരിക്കാനുള്ള മുൻകൂർ ഇനത്തിൽ തെറ്റായ തുക ഉൾപ്പെടുത്തി

മഴക്കാലപൂർവ്വ ശുചീകരണത്തിന് നൽകിയ 420000/- രൂപ സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചതിന്റെ വൌച്ചർ ലഭ്യമാക്കി. എന്നാൽ ഷെഡ്യൂൾ ബി18 ഇതനുസരിച്ച് ക്രമീകരിച്ചിട്ടില്ല.

1-1-3 Advance To Others എന്നയിനത്തിൽ സൂചിപ്പിച്ച തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല

ഷെഡ്യൂൾ ബി18- ൽ Advance To Others എന്നയിനത്തിൽ സൂചിപ്പിച്ച 316494/- രൂപയുടെയും, ഗ്രാമലക്ഷ്മി മുദ്രാലയം എന്ന ഇനത്തിൽ സൂചിപ്പിച്ച 6500/- രൂപയുടെയും വിശദാംശം ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

18/02/2024 ലെ (1)1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27/02/25 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,75,61,098/- രൂപ
വരവ്	9,18,77,061/- രൂപ
ആകെ	12,94,38,159/- രൂപ
ചെലവ്	7,97,72,357/- രൂപ
നീക്കിയിരിപ്പ്	4,96,65,802/- രൂപ
വരവു നഷ്ടം	ഇല്ല
ചെലവു നഷ്ടം/നിരാകരിച്ച തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	6,58,820/- രൂപ

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ലാപ്സായ തുക ₹
വികസന ഫണ്ട്-ജനറൽ		33339000	33339000	28960295	4378705
വികസന ഫണ്ട്-എസ്.സി.പി		15223000	15223000	12326128	2896872
വികസന ഫണ്ട് റ്റി.എസ്.പി		1537000	1537000	1162148	374852
മെയിന്റനൻസ് ഫണ്ട്- റോഡ്		39364000	39364000	27806142	11557858
മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്		8890000	8890000	6567223	2322777
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-	*4861517	6462298	11323815	2379233	8944582

ബേസിക് ഗ്രാന്റ്- ബാങ്ക്					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട്- ബാങ്ക്	*13176868	12411000	25587868	5280254	20307614
എൻ.എച്ച്.എം	500000	0	500000	0	500000
പെൻഷൻ റീഫണ്ട്	24000	0	24000	0	24000
ലൈഫ് ഭവന നിർമ്മാണം-സംസ്ഥാന വിഹിതം	2394322	0	2394322	300000	2094322
ശുചിത്വ മിഷൻ	2977673	0	2977673	0	2977673
എം.ജി.എൻ.ആർ.ഇ.ജി.എസ്.	5776	1638354	1644130	1569129	75001
TSC (SBM ഫണ്ട്)	2542989	0	2542989	0	2542989
ഐ.സി.ഡി.എസ് കേന്ദ്രവിഹിതം	4034265	3552984	7587249	928784	6658465
ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure	1006323	477900	1484223	284271	1199952
ഹെൽത്ത് ഗ്രാന്റ്- Conversion Of PHC's And Sub Centers Into Wellness Centers	481902	716877	1198779	85087	1113692
ഹെൽത്ത് ഗ്രാന്റ്-Construction Of Subcenters	2804954	79995	2884949	0	2884949
സാക്ഷരത	12533	0	12533	0	12533

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
352	334469056/-	258	98522429/-	34	94	73%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണച്ചെലവുകൾ	2454590	2135229	4589819	1569129	3020690
തൊഴിലാളികളുടെ വേതനം		101,556,432.00	101,556,432.00	101,556,432.00	

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപ)
കർഷകതൊഴിലാളി പെൻഷൻ	1,13,94,000/-
വിധവാ പെൻഷൻ	2,80,24,800/-
വാർദ്ധക്യകാലപെൻഷൻ	5,79,56,300/-
വികലാംഗപെൻഷൻ	77,08,500/-
50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ	8,11,200/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2025-ന് 02.50 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,883/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകിയിട്ടുണ്ട്. വി.ഇ.ഓ-യുടെ തസ്തിക ഒഴിഞ്ഞ് കിടന്നത് ലൈഫ് ഭവനപദ്ധതിയുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചു. ഈ വിഷയത്തിൽ ഭരണതലത്തിൽ ഇടപെടൽ അനിവാര്യമാണ്.

പിരിച്ചെടുക്കുന്ന തനത് വരുമാനം സൂക്ഷിക്കുന്നതിന് രൂപീകരിച്ച ഇ-പേയ്മെന്റ്, ക്യു.ആർ കോഡ് ബാങ്ക് അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ടുകളാണ്. ഈ അക്കൗണ്ടുകളിലെ തുകകൾ യഥാസമയം തനത് ഫണ്ടിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല. പലിശ

ഇനത്തിൽ ലക്ഷങ്ങളാണ് നഷ്ടമായത്. മിനറൽ ട്രാൻസിറ്റ് പാസ്സ് ലഭിച്ച ഉടമ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് ആയത് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കുകയോ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ വീഴ്ച കാരണം, വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റിൽ 2.1 കോടി രൂപ ലാപ്സാക്കി. പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ അതാത് മേഖലകളിൽ വിനിയോഗിക്കുന്നതിന് നടപടികളില്ല.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. സ്ട്രീറ്റ് മെയിൻ പൂർണ്ണമായി സ്ഥാപിക്കാൻ കഴിയാത്തതാണ് കാരണം. വലിയ ഭൂവിസ്തൃതിയുള്ള പഞ്ചായത്ത് ആയതിനാൽ ഈ വിഷയത്തിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വരവുകളും ഐ.എൽ.ജി.എം.എസ്. രസീത് നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട്ഡോർ കളക്ഷന് കൈകൊണ്ടെഴുതിയ രസീതുകളും ഉപയോഗിച്ചുവരുന്നു. ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുക ഈടാക്കുന്നതിന് രസീത് ബുക്കുകൾ ഉപയോഗിച്ച് വരുന്നു. വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. സുലേഖ പത്രികയിൽ ഉൾപ്പെടാത്ത പദ്ധതികൾക്ക് ചെലവ് ചെയ്തിട്ടുണ്ട്. വാടക ഇനത്തിൽ കുടിശ്ശിക അവശേഷിക്കുന്നു. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വാഹനങ്ങളുടെ ലോഗ് ബുക്ക് മാസാന്ത്യത്തിൽ ക്ലോസ് ചെയ്തിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ്	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

	നടത്തിയ തീയതി		
പെർഫോമൻസ് ഓഡിറ്റ്	09-12-2022	7/22 – 9/22	6-1-2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	3-10-2017	2012-13 – 2016-17	17-11-2017

1-11 ഇ-ടെണ്ടർ ഫീസ്-തനത് ഫണ്ടിലേക്ക് മാറ്റിയില്ല

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാർ ഒടുക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) യുടെ പേരിലുള്ള കറണ്ട് അക്കൗണ്ടിൽ (SBI A/C No. 37671086094) നിന്നും യഥാസമയം തനത് ഫണ്ടിലേക്ക് മാറ്റിയില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/10/2025 ൽ ഈ അക്കൗണ്ടിൽ ആകെ 4,04,633.56/- രൂപ ബാലൻസ് ഉണ്ട്. തനത് ഫണ്ട് അക്കൗണ്ടിലേക്ക് യഥാസമയം തുക മാറ്റാത്തതിനാൽ പലിശ ഇനത്തിലും തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ആയതിനാൽ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക യഥാസമയം തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ട് സേവിംഗ്സ് അക്കൌണ്ടാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം. 18/29-11-25

1-12 കറന്റ് അക്കൌണ്ടിലുള്ള തനത് വരുമാനം യഥാസമയം സേവിംഗ്സ് അക്കൌണ്ടിലേക്ക് മാറ്റുന്നില്ല.

ഗ്രാമപ്പഞ്ചായത്ത് തനത് വരുമാനം സ്വീകരിക്കുന്നതിന് രൂപീകരിച്ച ഇ-പേയ്മെന്റ്, ക്യു.ആർ കോഡ് ബാങ്ക് അക്കൗണ്ടുകൾ കറണ്ട് അക്കൗണ്ടുകളാണ്. ഈ അക്കൗണ്ടുകളിലെ തുകകൾ യഥാസമയം തനത് ഫണ്ടിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. പലിശയിനത്തിൽ വലിയ നഷ്ടം ഉണ്ടായതിന് ഇത് കാരണമായി.

ഇ-പേയ്മെന്റിനായി ആരംഭിച്ച എസ്.ബി.ഐ അക്കൗണ്ടിൽ (അക്കൌണ്ട് നമ്പർ 37116112906)

69,10,398/- രൂപയും, ക്യൂ.ആർ.കോഡ് മുഖേന പണം സ്വീകരിക്കുന്നതിന് ആരംഭിച്ച സൌത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിൽ (അക്കൌണ്ട് നമ്പർ 0173073000000386) 15,82,402/-രൂപയും 31/03/2025-ൽ നീക്കിയിരുപ്പ് ഉണ്ട്. പ്രസ്തുത കറണ്ട് അക്കൌണ്ടുകളിലുള്ള തുക കൃത്യമായ ഇടവേളകളിൽ തനത് ഫണ്ടിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിലുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-13 കടമുറികളുടെ വാടകക്കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക, വാടക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കടമുറികളുടെ വാടകക്കുടിശ്ശിക ഇനത്തിൽ 14175/-രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. സപ്ലൈകോ എന്ന സ്ഥാപനമാണ് വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയിട്ടുള്ളത്. ആയത് ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഈടാക്കിയശേഷം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 15/29-11-2025

1-14 മിനറൽ ട്രാൻസിറ്റ് പാസ് -ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല

കേരള മൈനർ മിനറൽ കൺസഷൻ ഭേദഗതി ചട്ടങ്ങൾ 2023 (31/03/2023 ലെ സ.ഉ (അച്ചടി) നം.38/2023/ഐഡി(എ) പ്രകാരമുള്ള ഭേദഗതി) ചട്ടം 14 (4) പ്രകാരം 278.7 ചതുരശ്ര മീറ്ററിന് (3000 ച. അടി) താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി പെർമിറ്റ് അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനമാണ്. അപേക്ഷ സമർപ്പിക്കുന്ന വേളയിൽ പ്രസ്തുത അപേക്ഷയോടൊപ്പം ചേർക്കുന്ന അംഗീകൃത പ്ലാൻ, ഒടുക്കിയ ഫീസ് എന്നിവ പ്രകാരമുള്ള മണ്ണ് മാത്രമാണ് കുഴിച്ചെടുത്ത് നീക്കം ചെയ്യുന്നത് എന്നും, അംഗീകൃത പ്ലാൻ പ്രകാരമുള്ള നിർമ്മാണം മാത്രമേ നടത്തുകയുള്ളു എന്നും, മൂവ്മെന്റ് പെർമിറ്റ് അനുവദിച്ച തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ

കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മാണം പൂർത്തീകരിക്കുമെന്നും രേഖപ്പെടുത്തി അപേക്ഷകൻ കരാറിൽ ഏർപ്പെടേണ്ടതുണ്ട്.
തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് ലഭിച്ച വ്യക്തിക്ക് നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യത്തിൽ, നീക്കം ചെയ്യുവാൻ അനുമതി നൽകിയ മണ്ണിന്റെ അളവ് പ്രകാരമുള്ള റോയൽറ്റി പെർമിറ്റ് ഉടമ ട്രഷറിയിൽ ഒടുക്ക് വരുത്തി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് Form S ലെ മൂവ്മെന്റ് പെർമിറ്റും, Form O(A) ലെ മിനറൽ ട്രാൻസിറ്റ് പാസ്സും അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് ലഭിച്ച ഉടമ മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം. എന്നാൽ മിനറൽ മൂവ്മെന്റ് പെർമ്മിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷ ലഭിച്ച് ഒരു വർഷം പൂർത്തിയായ ചുവടെ ചേർത്തിട്ടുള്ള അപേക്ഷകളിൽ പരിശോധന നടത്തി നിർമ്മാണ പ്രവർത്തനം നടത്തിയതിന്റെയോ അല്ലാത്ത പക്ഷം ഈ ഇനത്തിൽ പിഴ ഈടാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകന്റെ പേര്	**അപേക്ഷാ നമ്പർ**	**നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവ്**	**പാസ് അനുവദിച്ച തീയതി**
ശ്രീ. ദീപുമോൻ എസ് ലിഫാ മന്ദിരം, കമുകുംചേരി	SC3-3921/2023 തീ. 14.07.23	1305.7 MT	31.07.2023
ശ്രീ. ഷാജഹാൻ, സൈനുലാബുദ്ദീൻ ഷാജഹാൻ മൻസിൽ, പുന്നല	SC3-3766/2023 തീ. 05.07.23	2816.70 MT	14.08.2023
ശ്രീ. സുനിൽരാജ്, ഇന്ദുലേഖ മുമ്മൂല പുത്തൻവീട്, പുന്നല	SC3-4179/2023 തീ. 31.07.23	327.64 MT	29.11.2023

ശ്രീ. മഹേഷ് കുമാർ മംഗലശ്ശേരിൽ പുത്തൻവീട്, പിറവന്തൂർ	SC3-3367/2023 തീ. 14.06.23	640.62 MT	14.12.2023
ശ്രീമതി ശാരദ, ചരുവിള വീട്, കടശ്ശേരി	SC3-3354/2023 തീ. 14.06.23	841.80 MT	21.12.2023
ശ്രീ.അയൂബ് ഖാൻ തെങ്ങുവിള പുത്തൻവീട്, ചാച്ചിപ്പുന്ന	SC3-6651/2023 തീ. 08.12.23	1455.12 MT	08.01.2024
ശ്രീ.ബാബു ജഹാൻ ചരുവിള തെക്കേകരയിൽ, പുന്നല	SC3-6871/2023 തീ. 19.01.24	801.78 MT	08.01.2024
റവ. ഫിലിപ്പ് ഫിലിപ്പ് പലിയ പറമ്പിൽ, ചാച്ചിപ്പുന്ന	SC3-4020/2023 തീ. 21.07.23	3272.72 MT	17.02.2024
ശ്രീമതി ഹർഷ രഘു ഹർഷയിൽ, കല്ലംപള്ളി, ഉള്ളൂർ	SC3-140/2024 തീ. 08.01.24	5200 MT	03.10.2024
ശ്രീ.സാജൻ ബി ബിജിൽ ഭവൻ, പുന്നല	SC3-733/2024 തീ. 14.02.24	2763.36 MT	06.04.2024
ശ്രീമതി അജിത അനിതാ ഭവൻ, ചീയോട്	SC3- 938/2024 തീ. 27.02.24	1273.49 MT	08.04.2024
ശ്രീ.അനിൽകുമാർ എസ് മനോജ് ഭവൻ, കൈതക്കാട്ട്, പുന്നല	SC3- 1051/2024 തീ. 02.03.24	630.48 MT	02.05.2024
ശ്രീ.രമേഷ് ആർ, രതി സദനം, പിറവന്തൂർ	SC3- 1677/2024 തീ. 03.04.24	1517.46 MT	12.05.2024
ശ്രീമതി നിഷ ബി പ്ലാവില കിഴക്കതിൽ പുത്തൻവീട്, പിറവന്തൂർ	SC3- 1764/2024 തീ. 08.04.24	656 MT	02.05.2024
ശ്രീ.പ്രദീപ് കുമാർ, സുജാത മംഗലത്ത് വീട്, കറവൂർ	SC3- 1050/2024 തീ. 02.03.24	742.8 MT	09.05.2024
ശ്രീ.വിനോദ് കുമാർ വാസുദേവ വിലാസം, കമുകുംചേരി	SC3- 2065/2024 തീ. 02.05.24	792.4 MT	07.06.2024

ശ്രീമതി ദീപ, SFCK കാർട്ടേഴ്സ്, കറവൂർ	SC3- 2134/2024 തീ. 07.05.24	966.04 MT	23.09.2024
ശ്രീ.അഹമ്മദ് കബീർ, പുത്തൻവിള വീട്, പുന്നല	SC3- 2154/2024 തീ. 09.05.24	838.98 MT	27.09.2024
ശ്രീ.ഷാജി, മൂഴിക്കമണ്ണിൽ വീട് ഏലിക്കാട്ടൂർ, പിറവന്തൂർ	SC3- 2937/2024 തീ. 15.06.24	592.64 MT	19.06.2024
ശ്രീ.ഷാൻ എം, ഷാൻ ബിൽഡിംഗ്, കുണ്ടയം	SC3- 2958/2024 തീ. 16.06.24	766.70 MT	14.08.2024
ശ്രീ.സജീവ് എസ് , ശാന്തി ഭവൻ, കമുകുംചേരി	SC3- 4756/2024 തീ. 28.10.24	686 MT	06.11.2024

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകായറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽസൂചിപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകായറി നം.16/29.11.25

1-15 പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച- ഫണ്ട് ലാപ്സാക്കി

പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നില്ല. ആസൂത്രണം ചെയ്ത ഒട്ടേറെ പദ്ധതികൾ നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലാപ്സായ തുക ₹
മെയിന്റനൻസ് ഫണ്ട്- റോഡ്	11557858/-
മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്	2322777/-
വികസന ഫണ്ട് റ്റി.എസ്.പി	374852/-
വികസന ഫണ്ട്-എസ്.സി.പി	2896872/-
വികസന ഫണ്ട്-ജനറൽ	4378705/-

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ വീഴ്ചയാണ് ഫണ്ട് ലാപ്സായതിലേക്ക് നയിച്ചത് എന്ന് വിലയിരുത്തുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിന് മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്.

1-16 ജെം പോർട്ടൽ മുഖേന വാങ്ങൽ നടത്തിയതിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല

വിവിധ പദ്ധതികളുടെ ഭാഗമായി ജെം പോർട്ടൽ മുഖേന വാങ്ങൽ നടത്തിയതിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല. പോർട്ടലിൽ ലഭ്യമായ നിരക്കുകൾ താരതമ്യം ചെയ്ത് അവയിൽ കുറഞ്ഞ നിരക്ക് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങിയവ വിവിധ വാങ്ങലുകൾ നടത്തുന്നത് ഗവൺമെന്റ്-ഇ-മാർക്കറ്റ് പ്ലേസ് (GeM) എന്ന പോർട്ടൽ വഴിയാകണമെന്ന് നിർദ്ദേശിച്ച് സ്റ്റോർ പർച്ചേസ്(എ) വകുപ്പിന്റെ 26.4.2019-ലെ ജി.ഓ(പി)7/2019/എസ്.പി.ഡി നമ്പർ ആയുള്ള സർക്കാർ ഉത്തരവിലൂടെ സ്റ്റോർ പർച്ചേസ് മാനുവൽ ഭേദഗതി ചെയ്തിട്ടുണ്ട്. 50000/- രൂപയ്ക്ക് മുകളിലും 30,00,000/- രൂപ വരെയുമുള്ള വാങ്ങലുകൾക്കായി, ജെം-ൽ ലഭ്യമായ മൂന്ന് സപ്ലൈയർമാരുടെയെങ്കിലും നിരക്കുകൾ താരതമ്യം ചെയ്ത് വാങ്ങാവുന്നതാണ് എന്നും, ആവശ്യമെങ്കിൽ GeM-ൽത്തന്നെ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് എന്നും പ്രസ്തുത ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പദ്ധതികളിലൂടെ നടപ്പാക്കിയ ചുവടെ പറയുന്ന വാങ്ങലുകൾക്ക് ജെം പോർട്ടൽ മുഖേന ടെണ്ടർ നടപടി സ്വീകരിച്ചില്ല. പോർട്ടലിൽ ലഭ്യമായ നിരക്കുകൾ താരതമ്യം ചെയ്ത് അവയിൽ കുറഞ്ഞ നിരക്ക് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം നടത്തിയ വാങ്ങലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ പേരും നമ്പറും	ഉപകരണങ്ങൾ വാങ്ങാനുണ്ടായ ചെലവ്	വാങ്ങിയ സാധനങ്ങൾ / എണ്ണം

1	അസിസ്റ്റന്റ് സെക്രട്ടറി	പട്ടികജാതി വിഭാഗക്കാർക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ (11/24-25)	275899/-	പി.വി.സി. വാട്ടർ ടാങ്ക് – 87
2	അസിസ്റ്റന്റ് സെക്രട്ടറി	പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ (13/24-25)	121599/-	പി.വി.സി. വാട്ടർ ടാങ്ക് – 38
3	അസിസ്റ്റന്റ് സെക്രട്ടറി	വയോജനങ്ങൾക്കു കട്ടിൽ പട്ടികജാതി വിഭാഗം (15/24-25)	186186/-	കട്ടിൽ– 49
4	അസിസ്റ്റന്റ് സെക്രട്ടറി	പട്ടികജാതി വിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (317/24-25)	77498/-	പി.വി.സി. വാട്ടർ ടാങ്ക് – 25
5	അസിസ്റ്റന്റ് സെക്രട്ടറി	ബെയ്ലിങ് മെഷീൻ സ്ഥാപിക്കൽ(316/24-25)	539556/-	ബെയ്ലിങ് മെഷീൻ– 1
6	സെക്രട്ടറി	ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനർ വാങ്ങൽ	153995/-	ഹൈസ്പീഡ് സ്ക്കാനർ- 1
7	ടി	പഞ്ചായത്തിൽ പ്രൊജക്ടർ, സ്ക്രീൻ	60231/-	പ്രൊജക്ടർ & സ്ക്രീൻ- 1
8	ടി	എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ	58437/-	ഫോട്ടോസ്റ്റാറ്റ് മെഷീൻ-1

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് മറുപടിയായി, നടപ്പ് വർഷം ജെം പോർട്ടൽ മുഖേന ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. പരിഹാര നടപടി സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻകവയറി നം.14/29.11.2025

1-17 കൃഷി ഓഫീസിലെ ദൈനംദിന ചെലവുകൾക്ക് ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം ക്രമവിരുദ്ധമായി തുക പിൻവലിച്ചു

പദ്ധതിയുടെ പേര്	കൃഷി ഓഫീസിലെ ദൈനംദിന ചെലവുകൾ
പ്രോജക്ട് നമ്പർ	S10/2025
പദ്ധതിച്ചെലവ്	66377 (തനത് ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥ	കൃഷി ഓഫീസർ
ചെക്ക് നമ്പർ, തീയതി	133632/4.2.2025= 8000/- രൂപ

കൃഷി ഓഫീസർ നിർവ്വഹിച്ച ഭക്ഷ്യസുരക്ഷ, സമഗ്ര പുരയിടക്കൃഷി എന്നീ പദ്ധതികൾ പ്രകാരം വാങ്ങിയ വാഴവിത്ത്, ജൈവവളം എന്നിവയുടെ ഇറക്കുകൂലി ഇനത്തിൽ 8000/-രൂപ കൃഷി ഓഫീസിലെ ദൈനംദിന ചെലവുകൾ (S10/2025) എന്ന പദ്ധതിയുടെ ബിൽ മുഖേന പിൻവലിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ, സമഗ്ര പുരയിടക്കൃഷി തുടങ്ങിയ കാർഷിക പദ്ധതികൾക്ക് ഒന്നും ഇറക്കുകൂലി എന്ന ഇനം ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടില്ല. ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി ആവിഷ്ക്കരിച്ച S10/2025 എന്ന പദ്ധതി പ്രകാരം ചുവടെ പറയുന്ന ഇനങ്ങൾ രേഖപ്പെടുത്തി തുക പിൻവലിച്ചത് ക്രമവിരുദ്ധമാണ്.

വൌച്ചർ തീയതി	ഇനം	തുക₹
7.1.2025	കെയ്കോയിൽ നിന്ന് വേപ്പിൻപിണ്ണാക്ക് ഇറക്കിയതിന്റെ കൂലി	1000/-
10.1.2025	പത്തനാപുരം അഗ്രോസെന്ററിൽ നിന്നും വാഴവിത്ത് ഇറക്കിയതിന്റെ കൂലി	1000/-
16.12.2024	കെയ്കോയിൽ നിന്ന് വേപ്പിൻപിണ്ണാക്ക് ഇറക്കിയതിന്റെ കൂലി	1000/-
17.12.2024	കെയ്കോയിൽ നിന്ന് വേപ്പിൻപിണ്ണാക്ക് ഇറക്കിയതിന്റെ കൂലി	1000/-

9.1.2025	പത്തനാപുരം അഗ്രോസെന്ററിൽ നിന്നും വാഴവിത്ത് ഇറക്കിയതിന്റെ കൂലി	1000/-
7.12.2024	കെയ്കോയിൽ നിന്ന് വേപ്പിൻപിണ്ണാക്ക് ഇറക്കിയതിന്റെ കൂലി	1000/-
16.1.2025	ഭക്ഷ്യസുരക്ഷാ പദ്ധതി- കിഴങ്ങ് കിറ്റുകൾ ഇറക്കിയത്	1000/-
8.1.2025	കെയ്കോയിൽ നിന്ന് വേപ്പിൻപിണ്ണാക്ക് ഇറക്കിയതിന്റെ കൂലി	1000/-
ആകെ		8000/-

നിർവ്വഹണ ഉദ്യോഗസ്ഥയുടെ പേർക്ക് തുക മാറിയശേഷം ക്യാഷ് ആയി വിതരണം ചെയ്തതിന്റെ രസീതുകൾ ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. തുക കൈപ്പറ്റിയതിന്റെ രസീത് വൌച്ചറുകൾ സുതാര്യമായിരുന്നില്ല. അവ എല്ലാം ഒരേ കൈപ്പടയിൽ തയ്യാറായാക്കിയവ ആയിരുന്നു. ഓഫീസ് ചെലവുകൾക്കായുള്ള പദ്ധതി മുഖേന ക്രമവിരുദ്ധമായി തുക പിൻവലിച്ചത് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻകയറി നൽകിയതിനെത്തുടർന്ന്, 29.11.2025-ൽ R-GO20403-25004666 നമ്പർ രസീത് മുഖേന കൃഷി ഓഫീസർ 8000/- രൂപ ഒടുക്കിയശേഷം ആയതിന്റെ രേഖകൾ ലഭ്യമാക്കി.

നടപ്പ് വർഷം മുതൽ പദ്ധതി നിർവ്വഹണത്തിൽ ഇപ്രകാരമുള്ള അപാകം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം. 12/29.11.2025

1-18 കാർഷിക പദ്ധതികൾക്ക് മോണിട്ടറിംഗ് നടത്തിയില്ല

കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ മോണിട്ടർ ചെയ്തിട്ടില്ല. മോണിട്ടറിംഗ് സമിതികളുടെ റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	പ്രോജക്ട് നമ്പർ	ചെലവ്₹
വനിതകൾക്ക് കൂൺ കൃഷി	S8/2025	33750/-

കൃഷിയിടങ്ങളിൽ സ്ഥിരം പന്തൽ	S5/2025	48000/-
വനിതകൾക്ക് ചെറുതേനീച്ചപ്പെട്ടി	SO172/25	38000/-
കുറ്റിക്കുരുമുളക് തൈ വിതരണം	SO174/25	180000/-
തരിശ്ശുഷി- സുഭിക്ഷംസുരക്ഷിതം	S4/2025	380000/-
ഭക്ഷ്യസുരക്ഷാ പദ്ധതി	S380/25	672000/-
സമഗ്ര പുരയിടക്കൃഷി	S3/2025	1221584/-
നെൽക്കൃഷി വികസനം	S7/2025	147400/-

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നൽകിയ നിർദ്ദേശം പാലിച്ചില്ല. പരിഹാരനടപടികൾക്കായി അപാകം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-19 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു

ചുവടെ പറയുന്ന ഇനങ്ങളിലുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ക്രമ നമ്പർ	ഗ്രാന്റിന്റെ വിവരം	31.3.2025-ൽ അവശേഷിക്കുന്നതുക₹
1	National Rural Health Mission	5,00,000.00/-
2	സമ്പൂർണ്ണ സുചിത്വ പദ്ധതി(TSC)	25,42,989.00/-
3	ഐ.സി.ഡി.എസ് കേന്ദ്രവിഹിതം	66,58,465.00/-
4	ശുചിത്വമിഷൻ ഗ്രാന്റ്	29,77,673.00/-
5	ഹെൽത്ത് ഗ്രാന്റ്- കെട്ടിടനിർമ്മാണം	29,77,673.00/-
6	ധനകാര്യകമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട്	2,03,07,614.00/-

7	Grants, Funds & Contributions For Specific Purposes – Other Government Agencies	20,94,322.00/-

പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ വീഴ്ചയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അതാത് മേഖലകളിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നിർദ്ദിഷ്ട ഗ്രാന്റുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1-20 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് (UNMETERED) ഇനത്തിൽ പ്രതിമാസം 96855/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാത്തതിനാൽ പ്രതിവർഷം ലക്ഷങ്ങളുടെ ദുർവ്യയം ആണ് ഉണ്ടാകുന്നത്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ അവശേഷിച്ചിട്ടുണ്ട് എന്നും, ഇക്കാരണത്താലാണ് മീറ്റർ സ്ഥാപനം പൂർണ്ണമാക്കാൻ ആവാത്തത് എന്നും എക്സിറ്റ് മീറ്റിംഗിൽ വിശദീകരിയ്ക്കപ്പെട്ടു. സ്ട്രീറ്റ് മെയിൻ സ്ഥാപനം, തെരുവുവിളക്കുകളുടെ മീറ്ററിംഗ് എന്നിവ പൂർണ്ണമായും നടപ്പാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകവയറി നം. 10/28.11.2025

1-21 മഴക്കാലപൂർവ്വ ശുചീകരണം- ഫണ്ട് വിനിയോഗം സുതാര്യമല്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി.യ്ക്ക് ചെക്ക് നമ്പർ 2898786/12.8.2024 പ്രകാരം 420000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 10000/- രൂപ ശുചിത്വ മിഷൻ ഫണ്ടും 10000/- രൂപ തനത് ഫണ്ടും ഉൾപ്പെടെ 20000/- രൂപ വീതം ഫെബ്രുവരി 2025, മാർച്ച് 2025 എന്നീ മാസങ്ങളിൽ മെഡിക്കൽ ഓഫീസർ വാർഡ് സാനിട്ടേഷൻ സമിതികളുടെ അക്കൌണ്ടിലേക്ക് നൽകി. തുകയുടെ വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഫണ്ട് വിനിയോഗത്തിന്റെ വൗച്ചറുകൾ അതത് വാർഡിലെ സാനിട്ടേഷൻ സമിതി ചെയർമാൻ ആയ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡ്രൈ കണ്ടെയ്നർ എലിമിനേഷൻ, വെൽ ക്ലീനിങ്, സോഴ്സ് റിഡക്ഷൻ എന്നിവയ്ക്കായി വിവിധ വ്യക്തികൾക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീതുകൾ സുതാര്യമല്ല. ചില രസീതുകൾ ഒരേ കൈപ്പടയിൽ തയ്യാറാക്കിയവ ആണ്. തുക കൈപ്പറ്റിയതായി വ്യക്തികളുടെ പേര് മാത്രമാണ് പല കൈപ്പറ്റ് രസീതുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. വിലാസം രേഖപ്പെടുത്തിയിട്ടില്ല.
3. മെഡിക്കൽ ഓഫീസർക്ക് 2024 ആഗസ്റ്റ് മാസം ഫണ്ട് ലഭിച്ചിട്ടും, 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് തുക സാനിട്ടേഷൻ സമിതികൾക്ക് കൈമാറിയത്. പല വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്.

അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യാഞ്ഞത് അപാകമാണ്.

സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും സുതാര്യത ഉറപ്പ് വരുത്തുന്നതിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി വിലയിരുത്തുന്നു. ചെലവുകളുടെ സുതാര്യത സംബന്ധിച്ച് വാർഡ് സാനിട്ടേഷൻ സമിതികളുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻകുയറി നം. 9/28.11.2025

1-22 കുഴൽക്കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കൽ- വിശദമായ എസ്റ്റിമേറ്റ് വാങ്ങാതെ ഭൂജലവകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തു

പദ്ധതിയുടെ പേര്	കുഴൽക്കിണർ നിർമ്മാണം- S301/25
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ചെലവ്	432848
പി.എഫ്.എം.എസ് വൌച്ചർ നമ്പർ, തീയതി	XVFC/2024-25/P/177

പിറവന്തൂർ ഗവ.യു.പി.എസ്, കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ മുൻവർഷങ്ങളിലെ പദ്ധതി പ്രകാരം കുഴൽക്കിണറുകൾ സ്ഥാപിച്ചിരുന്നു. അവയ്ക്ക് മോട്ടോർ സ്ഥാപിച്ച് പമ്പിംഗ് സ്ക്കീം നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് സെക്രട്ടറി 10.3.2025-ൽ SC-1-301/25 നമ്പരായി ഭൂജലവകുപ്പ് ജില്ലാ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും 432848/-രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് മാത്രമാണ് ലഭ്യമാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക മുൻകൂർ ആയി ഭൂജലവകുപ്പിന് നൽകി. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് വാങ്ങാതെ 432848/-രൂപ മുൻകൂർ ആയി നൽകിയത് ക്രമപ്രകാരമല്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പരിഹാരനടപടിക്കായി അപാകം ശ്രദ്ധയിൽപ്പെടുത്തുന്നു. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങേണ്ടതും നൽകിയ തുക ക്രമീകരിക്കേണ്ടതുമാണ്.

1-23 പദ്ധതി രൂപീകരണത്തിൽ അപാകം- എസ്.സി, എസ്.റ്റി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടമായി

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി രൂപീകരിച്ചിരുന്ന ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ (രൂപ)
1	44	എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണം	74400/-

2	145	എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ	190000/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്, സാങ്കേതിക തടസ്സം കാരണം ഡി.ഡി.ഒ. കോഡ് ലഭിച്ചത് ഡിസംബർ മാസത്തിൽ ആയിരുന്നു എന്നും, ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായില്ല എന്നും 2025-26 ൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ചതായും മറുപടി ലഭ്യമാക്കി. സങ്കേതിക തടസ്സം നേരിട്ട സാഹചര്യത്തിൽ വികസന ഫണ്ട് (SCP, TSP) -ൽ ഉൾപ്പെട്ട പദ്ധതികൾ അസിസ്റ്റന്റ് സെക്രട്ടറി മുഖേന നടപ്പാക്കുന്നതിന് പുതുക്കി അംഗീകാരം വാങ്ങാഞ്ഞത് അപാകമായി വിലയിരുത്തുന്നു. നടപടിക്രമങ്ങളിലെ അലംഭാവം ഫണ്ട് ലാപ്സ് ആകുന്നതിനും, ഓഡിറ്റ് വർഷം പഠിച്ച വിദ്യാർത്ഥികൾക്ക് ലഭിക്കാമായിരുന്ന ആനുകൂല്യം നഷ്ടപ്പെടുന്നതിനും ഇടയാക്കി. പദ്ധതി ആസൂത്രണത്തിലെ അപാകം ആവർത്തിക്കാതിരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻകൃയറി നം.3/20.11.2025

1-24 ലൈഫ് ഭവനനിർമ്മാണ പദ്ധതി- പ്രവർത്തനം മന്ദഗതിയിൽ

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കി വരുന്ന ലൈഫ് ഭവനപദ്ധതി സംബന്ധിച്ച പ്രവർത്തന പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം ചുവടെ പറയുംപ്രകാരമാണ്.

വിഭാഗം	ലൈഫ് രണ്ടാം ഘട്ടം	ലൈഫ് മൂന്നാം ഘട്ടം	ലൈഫ് 2020
ജനറൽ വിഭാഗം	165	87	551
എസ്.സി. വിഭാഗം	67	53	212
